പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2280

06.10.2016-ൽ മറുപടിക്ക്

രേഖകളിൽ 'നിലം' എന്നു രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനേക വർഷങ്ങളായി നികത്തപ്പെട്ട് വൃക്ഷങ്ങളും വീടുകളുമൊക്കെയുള്ള പുരയിടമായി രൂപാന്തരപ്പെട്ട് കിടക്കുന്ന സ്ഥലങ്ങൾ, വില്ലേജ് രേഖകളിൽ 'നിലം' എന്നു രേഖപ്പെടുത്തി കിടക്കുന്നതുകൊണ്ടു മാത്രം അവിടെ കെട്ടിടങ്ങൾ പണിയുന്നതിനോ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ കർശനമായ വിലക്ക് ഏർപ്പെടുത്തിക്കൊണ്ടുള്ള മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് മൂലം സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധി മുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അനേക വർഷങ്ങളായി നികത്തപ്പെട്ട് വൃക്ഷങ്ങളും വീടുകളുമൊക്കെയുള്ള പുരയിടമായി രൂപാന്തരപ്പെട്ട് കിടക്കുന്ന സ്ഥലങ്ങളിൽ വില്ലേജ് രേഖകളിൽ 'നിലം' എന്നു രേഖപ്പെടുത്തിയതുകൊണ്ടു നിയമാനുസൃതം അനുമതി വാങ്ങുന്ന കേസുകളിൽ വീട് വയ്ക്കുന്നതിന് തടസ്സമില്ല. |
| (ബി) | ഇത്തരം സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിനും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരം സ്ഥലങ്ങളിൽ ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലും, ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങളിലും , 2008-ലെ കേരള നെൽവയൽ തണ്ണീർത്തട |

| | | | |
|---|---|---|---|
| | | | സംരക്ഷണ നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനനുസൃതമായി വില്ലേജിലെ സ്ഥിരം രേഖകളിൽ ഭൂമിയുടെ തരം മാറ്റുവാൻ ആർക്കും അധികാരമില്ല. |
| (സി) | അവശേഷിക്കുന്ന നിലം നികത്തപ്പെടാതെ സംരക്ഷിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കുറ്റമറ്റ രീതിയിൽ 'ഡാറ്റാ ബാങ്ക്' തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല സമിതിയിലും ഇത് പ്രസിദ്ധീകരിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്. ഡാറ്റാബാങ്ക് കുറ്റമറ്റമാക്കുന്നതിനുള്ള പ്രാഥമിക നടപടി എന്ന നിലയിൽ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 14.06.2016-ൽ ബഹു.കൃഷി വകുപ്പ് മന്ത്രി നടത്തിയ യോഗത്തിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ